# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നിയമം ലംഘിച്ച് പണിത കെട്ടിടങ്ങൾക്ക് അംഗീകാരം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3273        13.03.17- ൽ മറുപടി നൽ കേണ്ടത്

| | ചോദ്യം<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. എൽ ദോസ് കുന്നപ്പിള്ളി<br>ശ്രീ.അൻവർ സാദത്ത് | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നിയമം ലംഘിച്ച് പണിത കെട്ടിടങ്ങൾക്ക് പിഴ ചുമത്തി അംഗീകാരം നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) & (ബി) | സംസ്ഥാനത്ത് പണിപൂർത്തിയാക്കിയ അനധികൃത നിർമ്മാണങ്ങൾ പിഴ ചുമത്തി ക്രമവത്ക്കരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ പിഴ ചുമത്തി എത്ര കെട്ടിടങ്ങൾക്ക് അംഗീകാരം നൽകിയെന്നും ഈയിനത്തിൽ എത്ര തുക ഈടാക്കിയെന്നും വ്യക്തമാക്കുമോ; | | |
| (സി) | ഇപ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് അംഗീകാരം നൽകുന്നത് ഭാവിയിലെ റോഡു വികസന പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുമെന്ന കരുതുന്നുണ്ടോ; | (സി) | ഇക്കാര്യവും പരിശോധനയിലുൾ പ്പെടും. |
| (ഡി) | അനധികൃത കെട്ടിടം പണിയുന്നവരെയും അത് തടയാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് ശിക്ഷിക്കുവാൻ നിലവിലുള്ള | (ഡി) | ഈ വിഷയം സർക്കാർ ഗൗരവമായി കണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | നിയമം കൂടുതൽ കർശനമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ? | | |

സെക്ഷൻ ഓഫീസർ